**മധുരമായ കുട്ടികളെ - ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, തിരിച്ച് വീട്ടിലേയ്ക്ക് പോകണം, കലിയുഗ അവസാനത്തിന് ശേഷം വീണ്ടും സത്യയുഗം ആവർത്തിക്കും, ഈ രഹസ്യം എല്ലാവർക്കും മനസ്സിലാക്കി കൊടുക്കൂ.**

**ചോദ്യം -** ആത്മാവ് പാർട്ടഭിനയിച്ചഭിനയിച്ച് ക്ഷീണിച്ച് പോയി, ക്ഷീണത്തിന്റെ പ്രധാന കാരണമെന്താണ്?
**ഉത്തരം -** ഒരുപാട് ഭക്തി ചെയ്തു, അനേക ക്ഷേത്രങ്ങൾ പണിതു, പൈസ ചിലവഴിച്ചു, ബുദ്ധിമുട്ടനുഭവിച്ചനുഭവിച്ച് ആത്മാവ് സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനമായി. തമോപ്രധാനമായതുകൊണ്ടാണ് ദുഖിതരായത്. ഏതെങ്കിലും കാരണം കൊണ്ട് കഷ്ടപ്പെടുമ്പോഴാണ് ക്ഷീണിക്കുന്നത്. ഇപ്പോൾ എല്ലാ ക്ഷീണവും അകറ്റുന്നതിന് വേണ്ടി ബാബ വന്നിരിക്കുകയാണ്.

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്, അദ്ദേഹത്തിന്റെ പേരെന്താണ്? ശിവൻ. ഇവിടെ ആര് ഇരിക്കുകയാണെങ്കിലും കുട്ടികൾക്ക് നല്ല രീതിയിൽ ഓർമ്മയുണ്ടായിരിക്കണം. ഈ നാടകത്തിൽ എന്താണോ എല്ലാവരുടെയും പാർട്ട്, അതിപ്പോൾ പൂർത്തിയാവുകയാണ്. നാടകം എപ്പോഴാണോ പൂർത്തിയാവുന്നത് അപ്പോൾ എല്ലാ അഭിനേതാക്കളും മനസ്സിലാക്കുന്നു നമ്മുടെ പാർട്ടിപ്പോൾ പൂർത്തിയാവാൻ പോവുകയാണ്. ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം. ബാബയിപ്പോൾ നിങ്ങൾ കുട്ടികൾക്കും വിവേകം നൽകിയിരിക്കുന്നു, ഈ വിവേകം വേറെ ആരിലുമില്ല. ബാബയിപ്പോൾ നിങ്ങളെ വിവേകശാലികളാക്കി മാറ്റിയിരിക്കുന്നു. കുട്ടികളെ, ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, ഇപ്പോൾ വീണ്ടും പുതിയ സൃഷ്ടിചക്രം ആരംഭിക്കുകയാണ്. പുതിയ ലോകത്തിൽ സത്യയുഗമായിരുന്നു. ഇപ്പോൾ പഴയ ലോകത്തിൽ ഈ കലിയുഗത്തിന്റെ അവസാനമാണ്. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ, ആർക്കാണോ ബാബയെ ലഭിച്ചിട്ടുള്ളത്. പുതിയവരാരാണോ വരുന്നത് അവർക്കും ഇത് മനസ്സിലാക്കി കൊടുക്കണം- ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, കലിയുഗ അന്ത്യത്തിന് ശേഷം വീണ്ടും സത്യയുഗം ആവർത്തിക്കുന്നു. ആരെല്ലാമുണ്ടോ എല്ലാവർക്കും തിരിച്ച് വീട്ടിലേയ്ക്ക് പോകണം. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, ഇതിന് വേണ്ടി പ്രളയമുണ്ടാകുമെന്ന് മനുഷ്യർ മനസ്സിലാക്കുന്നു. പഴയ ലോകത്തിന്റെ വിനാശം എങ്ങനെയാണുണ്ടാവുന്നതെന്ന് നിങ്ങൾക്കിപ്പോളറിയാം. ഭാരതമാണെങ്കിൽ അവിനാശീ ഖണ്ഡമാണ്, ബാബയും ഇവിടെയ്ക്ക് തന്നെയാണ് വരുന്നത്. ബാക്കി എല്ലാ ഖണ്ഡവും നശിക്കും. ഈ ചിന്ത വേറെ ആരുടെ ബുദ്ധിയിലും വരുക സാധ്യമല്ല. ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്, ഇപ്പോൾ നാടകം പൂർത്തിയാവുകയാണ് വീണ്ടും ആവർത്തിക്കപ്പെടുന്നു. മുമ്പ് നാടകത്തിന്റെ പേര് പോലും നിങ്ങളുടെ ബുദ്ധിയിലുണ്ടായിരുന്നില്ല. ഇത് സൃഷ്ടി നാടകമാണ്, ഇതിൽ നമ്മളെല്ലാവരും അഭിനേതാക്കളാണെന്ന് പറയാൻ വേണ്ടി മാത്രം പറയുമായിരുന്നു. ശരീരത്തെ അറിയുമായിരുന്നുവെന്ന് മുമ്പ് നമ്മൾ പറയുമായിരുന്നു. ബാബയിപ്പോൾ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ ബാബയെ ഓർമ്മിക്കൂ. ഇപ്പോൾ നമുക്ക് തിരിച്ച് വീട്ടിലേയ്ക്ക് പോകണം, അതാണ് മധുരമായ വീട്. നമ്മൾ ആത്മാക്കൾ ആ നിരാകാരീ ലോകത്തിൽ വസിക്കുന്നവരാണ്. ഈ ജ്ഞാനം വേറെ ഒരു മനുഷ്യരിലുമില്ല. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. ഇപ്പോൾ നമുക്ക് തിരിച്ച് വീട്ടിലേയ്ക്ക് പോകണമെന്നറിയാം. പഴയ ലോകം അവസാനിക്കുമ്പോൾ ഭക്തിയും അവസാനിക്കും. ആദ്യമാദ്യം ആരാണ് വരുന്നത്, നമ്പർവൈസായി ഈ ധർമ്മങ്ങളെല്ലാം വരുന്നതെങ്ങനെയാണ്, ഈ കാര്യങ്ങളൊന്നും ഒരു ശാസ്ത്രങ്ങളിലുമില്ല. ബാബ ഈ പുതിയ കാര്യങ്ങളെല്ലാം മനസ്സിലാക്കി തരുന്നു. ഇത് വേറെ ആർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. ബാബയും ഒരു തവണയാണ് വന്ന് മനസ്സിലാക്കി തരുന്നത്. ജ്ഞാനസാഗരനായ ബാബ വരുന്നതും ഒരു തവണ മാത്രമാണ് അപ്പോഴാണ് പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശവും ചെയ്യുന്നത്. ബാബയുടെ ഓർമ്മയോടൊപ്പം ഈ ചക്രവും ബുദ്ധിയിലുണ്ടായിരിക്കണം. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, നമ്മൾ വീട്ടിലേയ്ക്ക് പോകുന്നു. പാർട്ടഭിനയിച്ചഭിനയിച്ച് നമ്മൾ ക്ഷീണിച്ചു പോയിരിക്കുന്നു. പൈസയും ചിലവ് ചെയ്തു, ഭക്തി ചെയ്ത് ചെയ്ത് നമ്മൾ സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായി മാറിയിരിക്കുന്നു. ലോകം തന്നെ പഴയതായി കഴിഞ്ഞു. നാടകം പഴയതെന്ന് പറയുമോ? ഇല്ല. നാടകമൊരിക്കലും പഴയതാകുന്നില്ല. നാടകം എപ്പോഴും പുതിയത് തന്നെയാണ്. ഇത് നടന്നുകൊണ്ടേയിരിക്കുന്നു. ബാക്കി ലോകം പഴയതാകുന്നു, നമ്മൾ അഭിനേതാക്കൾ തമോപ്രധാന ദുഃഖികളാകുന്നു, ക്ഷീണിതരാകുന്നു. സത്യയുഗത്തിലൊരിക്കലും ക്ഷീണിക്കുകയില്ല. ഏതെങ്കിലും കാര്യത്തിൽ ക്ഷീണിക്കുകയോ കഷ്ടപ്പെടുകയോ ചെയ്യേണ്ട കാര്യമുണ്ടാകുന്നില്ല. ഇവിടെയാണെങ്കിൽ അനേക പ്രകാരത്തിലുള്ള കഷ്ടപ്പാടുകൾ കാണേണ്ടി വരുന്നു. ഈ പഴയ ലോകം അവസാനിക്കാൻ പോവുകയാണെന്ന് നിങ്ങൾക്കറിയാം. സംബന്ധികളെയൊന്നും തന്നെ ഓർമ്മ

വരാൻ പാടില്ല. ഒരു ബാബയെ മാത്രം ഓർമ്മിക്കണം, അതിലൂടെ വികർമ്മം വിനാശമാകുന്നു, വികർമ്മം വിനാശമാകുന്നതിന് വേറെ ഒരു ഉപായവുമില്ല. ഗീതയിലും മന്മനാ ഭവയെന്ന അക്ഷരമുണ്ട്. പക്ഷെ ആർക്കും അർത്ഥം മനസ്സിലാക്കാൻ സാധിക്കുന്നില്ല. ബാബ പറയുകയാണ്– എന്നെയും സമ്പത്തിനെയും ഓർമ്മിക്കൂ. നിങ്ങൾ വിശ്വത്തിന്റെ അവകാശികൾ അർത്ഥം അധികാരികളായിരുന്നു. ഇപ്പോൾ നിങ്ങൾ വിശ്വത്തിന്റെ അവകാശികളായി മാറികൊണ്ടിരിക്കുകയാണ്. അതിനാൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം. ഇപ്പോൾ നിങ്ങൾ കക്കയിൽ നിന്നും വജ്രസമാനമായി മാറികൊണ്ടിരിക്കുകയാണ്. നിങ്ങളിവിടെ വന്നിരിക്കുന്നത് തന്നെ ബാബയിൽ നിന്ന് സമ്പത്തെടുക്കാനാണ്.

നിങ്ങൾക്കറിയാം എപ്പോഴാണോ കലകൾ കുറയാൻ തുടങ്ങുന്നത് അപ്പോൾ പൂക്കളുടെ തോട്ടം വാടാൻ തുടങ്ങുന്നു. ഇപ്പോൾ നിങ്ങൾ പൂക്കളുടെ തോട്ടമായി മാറുകയാണ്. സത്യയുഗം പൂന്തോട്ടമാണ് അതിനാൽ എത്ര സുന്ദരമാണ് പിന്നീട് പതുക്കെ പതുക്കെ കല കുറഞ്ഞു വരുന്നു. രണ്ട് കല കുറഞ്ഞു, പൂന്തോട്ടം വാടി പോയി. ഇപ്പോഴാണെങ്കിൽ മുള്ളുകളുടെ കാടായി മാറിക്കഴിഞ്ഞു. ഇപ്പോൾ നിങ്ങൾക്കറിയാം ലോകത്തിനൊന്നും അറിയുകയില്ല. ഈ ജ്ഞാനം നിങ്ങൾക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് പുതിയ ലോകത്തിന് വേണ്ടിയുള്ള പുതിയ ജ്ഞാനമാണ്. പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാകുന്നു. ചെയ്യുന്നത് ബാബയാണ്. സൃഷ്ടിയുടെ രചയിതാവ് ബാബയാണ്. വന്ന് സ്വർഗ്ഗം രചിക്കൂ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നതും ബാബയെ തന്നെയാണ്. സുഖധാമം രചിക്കൂ അപ്പോൾ തീർച്ചയായും ദുഖധാമത്തിന്റെ വിനാശമുണ്ടാകുമല്ലോ. ബാബ ദിവസവും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്, അതിനെ ധാരണ ചെയ്ത് പിന്നീട് മനസ്സിലാക്കി കൊടുക്കണം. ആദ്യമാദ്യം മനസ്സിലാക്കി കൊടുക്കേണ്ട മുഖ്യമായ കാര്യമാണ് – നമ്മുടെ അച്ഛനാരാണ്, അച്ഛനിൽ നിന്നാണ് സമ്പത്ത് നേടേണ്ടത്. ഞങ്ങളുടെ ദുഃഖം ഇല്ലാതാക്കി സുഖം നൽകൂ എന്ന് പറഞ്ഞ് ഭക്തിമാർഗ്ഗത്തിലും ഗോഡ് ഫാദറിനെ ഓർമ്മിക്കുന്നുണ്ട്. അതിനാൽ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലും സ്മൃതിയുണ്ടായിരിക്കണം. സ്ക്കൂളിൽ വിദ്യാർത്ഥികളുടെ ബുദ്ധിയിൽ ജ്ഞാനമാണുണ്ടാവുക, വീടല്ല. വിദ്യാർത്ഥീ ജീവിതത്തിൽ ജോലി–ഉത്തരവാദിത്വത്തിന്റെ കാര്യം ഉണ്ടായിരിക്കുകയില്ല. പഠിപ്പ് തന്നെയാണ് ഓർമ്മയുണ്ടായിരിക്കുക. ഇവിടെയാണെങ്കിൽ പിന്നെ കർമ്മം ചെയ്ത്, ഗൃഹസ്ഥ വ്യവഹാരത്തിലിരുന്ന്, ബാബ പറയുകയാണ് ഈ പഠിപ്പ് പഠിക്കൂ. സന്യാസിമാരെ പോലെ വീടും കുടുംബവും ഉപേക്ഷിക്കൂയെന്ന് പറയുന്നില്ല. ഇത് രാജയോഗമാണ്. ഇത് പ്രവൃത്തി മാർഗ്ഗമാണ്. നിങ്ങളുടെത് ഹഠയോഗമാണെന്ന് സന്യാസിമാരോടും നിങ്ങൾക്ക് പറയാൻ സാധിക്കും. നിങ്ങൾ വീടുപേക്ഷിക്കുന്നു, ഇവിടെ ആ കാര്യമില്ല. ഈ ലോകം തന്നെ എത്ര മോശമാണ്. എന്തായിപ്പോയിരിക്കയാണ്! പാവങ്ങൾക്കെല്ലാം എങ്ങനെയാണ് ജീവിക്കുന്നത്. കാണുമ്പോൾ തന്നെ അറപ്പ് വരുന്നു. പുറത്തു നിന്നും ഏതെങ്കിലും സന്ദർശകർ വരുകയാണെങ്കിൽ അവർക്ക് നല്ല നല്ല സ്ഥലങ്ങൾ കാണിക്കുന്നു, പാവങ്ങൾ എങ്ങനെയാണ് അഴുക്കിൽ ജീവിക്കുന്നത്, ഇതവർ കാണിച്ചു കൊടുക്കുന്നില്ല. ഇത് നരകം തന്നെയാണ്, പക്ഷെ അതിലും വളരെ വ്യത്യാസമുണ്ടാകുമല്ലോ. സമ്പന്നർ എവിടെ ജീവിക്കുന്നു, പാവങ്ങളെവിടെ ജീവിക്കുന്നു, കർമ്മക്കണക്കുണ്ടല്ലോ. സത്യയുഗത്തിൽ ഇങ്ങനെയുള്ള അഴുക്കൊന്നും ഉണ്ടാവുക സാധ്യമല്ല. അവിടെയും വ്യത്യാസമുണ്ടായിരിക്കുമല്ലോ. ചിലർ സ്വർണ്ണത്തിന്റെ കൊട്ടാരമുണ്ടാക്കും, ചിലർ വെള്ളിയുടെ, ചിലർ ഇഷ്ടികയുടെ. ഇവിടെയാണെങ്കിൽ എത്ര ഖണ്ഡങ്ങളാണ്. ഒരു യൂറോപ്പ് ഖണ്ഡം തന്നെ എത്ര വലുതാണ്. അവിടെയാണെങ്കിൽ കേവലം നമ്മൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഇതും ബുദ്ധിയിൽ വരുകയാണെങ്കിൽ ഹർഷിത അവസ്ഥയുണ്ടാവും. വിദ്യാർത്ഥികളുടെ ബുദ്ധിയിൽ പഠിപ്പ് മാത്രമേ ഓർമ്മയുണ്ടായിരിക്കുകയുള്ളൂ – ബാബയും സമ്പത്തും. ഇതും മനസ്സിലാക്കി കൊടുക്കണം ബാക്കി കുറച്ചു സമയമേയുള്ളൂ. അവരാണെങ്കിൽ പറയുന്നു ആയിരക്കണക്കിന്, ലക്ഷക്കണക്കിന് വർഷമുണ്ടെന്ന്. 5000 വർഷത്തിന്റെ കാര്യം മാത്രമാണ് ഇവിടെയുള്ളത്. ഇപ്പോൾ നമ്മുടെ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ബാക്കി മുഴുവൻ ലോകവും അവസാനിക്കുന്നതാണ്. ഇത് പഠിപ്പാണല്ലോ. നമ്മൾ വിദ്യാർത്ഥികളാണ്, ഭഗവാനാണ് നമ്മളെ പഠിപ്പിക്കുന്നതെന്ന് ബുദ്ധിയിലോർമ്മയുണ്ടായിരിക്കണം. അപ്പോൾ എത്ര സന്തോഷമുണ്ടായിരിക്കും. ഇത് എന്തുകൊണ്ടാണ് മറന്നുപോകുന്നത്. മായ വളരെ പ്രബലമാണ്, മായ മറപ്പിക്കുകയാണ്. സ്ക്കൂളിൽ എല്ലാ വിദ്യാർത്ഥികളും പഠിച്ചുകൊണ്ടിരിക്കുകയാണ്. ഭഗവാനാണ് നമ്മളെ പഠിപ്പിക്കുന്നതെന്ന് എല്ലാവർക്കുമറിയാം, പുറമെ അനേക പ്രകാരത്തിലുള്ള വിദ്യ പഠിക്കേണ്ടി വരുന്നു. അനേക ടീച്ചർമാർ ഉണ്ടായിരിക്കും. ഇവിടെയാണെങ്കിൽ ഒരേയൊരു ടീച്ചറാണ്, ഒരേയൊരു പഠിപ്പുമാണ്. ബാക്കി സഹായിക്കാനുള്ള ടീച്ചർമാർ തീർച്ചയായും വേണം. സ്ക്കൂൾ ഒന്ന് മാത്രമാണ്, ബാക്കിയെല്ലാം ശാഖകളാണ്, പഠിപ്പിക്കുന്നത് ഒരേയൊരു ബാബയാണ്. ബാബ വന്ന് എല്ലാവർക്കും സുഖം നൽകുന്നു. നിങ്ങൾക്കറിയാം– പകുതി കല്പം നമ്മൾ സുഖത്തിലിരിക്കും. അതിനാൽ ഈ സന്തോഷവുമുണ്ടായിരിക്കണം, ശിവബാബ നമ്മളെ പഠിപ്പിക്കുകയാണ്. ശിവബാബ സ്വർഗ്ഗത്തിന്റെ രചന രചിക്കുകയാണ്. നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരികളാകുന്നതിന് വേണ്ടി പഠിക്കുകയാണ്. എത്ര സന്തോഷം ഉള്ളിലുണ്ടായിരിക്കണം. ആ വിദ്യാർത്ഥി

കളും കഴിച്ചും കുടിച്ചും വീട്ടിലെ ജോലികളെല്ലാം ചെയ്യുന്നു. അതെ, പഠിപ്പിൽ കൂടുതൽ ശ്രദ്ധിക്കുന്നതിന് വേണ്ടി ചിലർ ഹോസ്റ്റലിൽ താമസിക്കുന്നു. സേവനം ചെയ്യുന്നതിന് വേണ്ടി പെൺകുട്ടികൾ പുറത്ത് താമസിക്കുന്നു. ഏതെല്ലാം വിധത്തിലാണ് മനുഷ്യർ വരുന്നത്. ഇവിടെ നിങ്ങൾ എത്ര സുരക്ഷിതമായാണിരിക്കുന്നത്. ആർക്കും ഉള്ളിൽ പ്രവേശിക്കാൻ സാധിക്കില്ല. ഇവിടെ ആരുടെയും കൂട്ടുകെട്ടില്ല. പതിതരുമായി സംസാരിക്കേണ്ട ഒരു കാര്യവുമില്ല. നിങ്ങൾക്ക് ആരുടെയും മുഖം നോക്കേണ്ട ആവശ്യം പോലുമില്ല. എന്നിട്ടും പുറത്ത് താമസിക്കുന്നവർ വളരെ തീക്ഷ്ണമായി പോകുന്നു. എത്ര അത്ഭുതമാണ്, പുറത്ത് താമസിക്കുന്നവർ അനേകരെ പഠിപ്പിച്ച്, തനിക്കു സമാനമാക്കി കൊണ്ടുവരുന്നു. ബാബ വാർത്ത ചോദിക്കുകയാണ് – എങ്ങനെയാണ് രോഗികളെ കൊണ്ടു വരുന്നത്, ചിലർ വളരെ കടുത്ത രോഗിയാണെങ്കിൽ 7 ദിവസത്തെ ഭട്ടിയിലിരുത്തുന്നു. ഇവിടെ ഒരു ശൂദ്രനെയും കൊണ്ട് വരരുത്. ഇത് മധുബനാണ്, നിങ്ങൾ ബ്രാഹ്മണരുടെ ഒരു ഗ്രാമം. ഇവിടെ ബാബ നിങ്ങൾ കുട്ടികൾക്കിരുന്ന് മനസ്സിലാക്കി തരുകയാണ്, വിശ്വത്തിന്റെ അധികാരികളാക്കുകയാണ്. ഏതെങ്കിലും ശൂദ്രനെ കൊണ്ടുവരുകയാണെങ്കിൽ അവർ വൈബ്രേഷൻ മോശമാക്കി മാറ്റും. നിങ്ങൾ കുട്ടികളുടെ പെരുമാറ്റവും വളരെ റോയലായിരിക്കണം.
മുന്നോട്ട് പോകുമ്പോൾ നിങ്ങൾക്ക് വളരെയധികം സാക്ഷാത്ക്കാരമുണ്ടായികൊണ്ടിരിക്കും – അവിടെ(സത്യയുഗത്തിൽ) എന്തെല്ലാം ഉണ്ടായിരിക്കും. മൃഗങ്ങൾ പോലും വളരെ നല്ലതായിരിക്കും. എല്ലാം നല്ല വസ്തുക്കളായിരിക്കും. സത്യയുഗത്തിലെ ഒരു വസ്തുവും ഇവിടെയുണ്ടാവുക സാധ്യമല്ല. അവിടെ പിന്നെ ഇവിടുത്തെ വസ്തുക്കളും ഉണ്ടാവുക സാധ്യമല്ല. നമ്മൾ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിന് വേണ്ടിയുള്ള പരീക്ഷ പാസായികൊണ്ടിരിക്കുകയാണെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ടായിരിക്കണം. എത്രയും പഠിക്കുന്നുവോ പിന്നെ പഠിപ്പിക്കും. ടീച്ചറായി മാറി മറ്റുള്ളവർക്ക് വഴി പറഞ്ഞു കൊടുക്കുന്നു. എല്ലാവരും ടീച്ചർമാരാണ്. എല്ലാവരെയും പഠിപ്പിക്കണം. ആദ്യമാദ്യം ബാബയുടെ തിരിച്ചറിവ് നൽകി പറയണം ബാബയിൽ നിന്ന് ഈ സമ്പത്ത് ലഭിക്കുന്നു. ബാബയാണ് ഗീത കേൾപ്പിക്കുന്നത്. കൃഷ്ണൻ ബാബയിൽ നിന്ന് കേട്ട് ഈ പദവി നേടുന്നു. പ്രജാപിതാ ബ്രഹ്മാവുണ്ടെങ്കിൽ ബ്രാഹ്മണരെയും ഇവിടെ ആവശ്യമാണ്. ബ്രഹ്മാവും ശിവബാബയിൽ നിന്ന് പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളിപ്പോൾ വിഷ്ണുപുരിയിലേയ്ക പോകുന്നതിന് വേണ്ടി പഠിക്കുകയാണ്. ഇതാണ് നിങ്ങളുടെ അലൗകിക വീട്. ലൗകികം, പാരലൗകികം, പിന്നീട് അലൗകികം. പുതിയ കാര്യമല്ലേ. ഭക്തിമാർഗ്ഗത്തിൽ ആരും ബ്രഹ്മാവിനെ ഓർമ്മിക്കുന്നില്ല. ബ്രഹ്മാ ബാബയെന്ന് ആർക്കും പറയാനും അറിയില്ല. ദുഖത്തിൽ നിന്ന് മോചിപ്പിക്കൂ എന്ന് പറഞ്ഞ് ശിവബാബയെ ഓർമ്മിക്കുന്നു. അത് പാരലൗകിക അച്ഛനാണ്, ഇത് പിന്നെ അലൗകികവും. ഇദ്ദേഹത്തെയാണ് നിങ്ങൾ സൂക്ഷ്മവതനത്തിൽ കാണുന്നത്. പിന്നെ ഇവിടെയും കാണുന്നു. ലൗകിക അച്ഛനെ ഇവിടെ കാണാൻ സാധിക്കുന്നു, പാരലൗകിക അച്ഛനെ പരലോകത്തിൽ മാത്രമേ കാണാൻ സാധിക്കൂ. ഇത് പിന്നെ അലൗകിക അത്ഭുതകരമായ അച്ഛനാണ്. ഈ അലൗകിക അച്ഛനെ അറിയുന്നതിൽ ആശയക്കുഴപ്പത്തിലാകുന്നു. ശിവബാബയെ തന്നെയാണ് നിരാകാരനെന്ന് പറയുക. നിങ്ങൾ പറയും ശിവബാബ ബിന്ദുവാണ്. അഖണ്ഡജ്യോതി അഥവാ ബ്രഹ്മമെന്നവർ പറയുന്നു. അനേക അഭിപ്രായമാണ്. നിങ്ങളുടെത് ഒരേയൊരു മതമാണ്. ഒരാളിലൂടെ ബാബ അഭിപ്രായം നൽകാനാരംഭിച്ചു പിന്നീട് ഒരുപാട് വൃദ്ധിയുണ്ടാകുന്നു. അതിനാൽ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇതുണ്ടായിരിക്കണം – നമ്മളെ ശിവബാബ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പതിതത്തിൽ നിന്നും പാവനമാക്കികൊണ്ടിരിക്കുകയാണ്. രാവണരാജ്യത്തിൽ തീർച്ചയായും പതിത തമോപ്രധാനമാവുക തന്നെ വേണം. പേര് തന്നെ പതിതലോകമെന്നാണ്. എല്ലാവരും ദുഃഖിതരുമാണ് അതുകൊണ്ടാണ് ബാബാ, ഞങ്ങളുടെ ദുഃഖത്തെ ഇല്ലാതാക്കി ഞങ്ങൾക്ക് സുഖം നൽകൂ എന്ന് പറഞ്ഞ് ബാബയെ ഓർമ്മിക്കുന്നത്. എല്ലാ കുട്ടികളുടെയും അച്ഛൻ ഒരേയൊരാളാണ്. ആ അച്ഛൻ എല്ലാവർക്കും സുഖം നൽകുമല്ലോ. പുതിയ ലോകത്തിലാണെങ്കിൽ സുഖം തന്നെ സുഖമാണ്. ബാക്കി എല്ലാവരും ശാന്തിധാമത്തിലിരിക്കുന്നു. ഇത് ബുദ്ധിയിലുണ്ടായിരിക്കണം– ഇപ്പോൾ നമ്മൾ ശാന്തിധാമത്തിലേയ്ക്ക് പോകും. എത്രയും സമീപത്തേയ്ക്ക് വരുന്നുവോ അപ്പോൾ ഇന്നത്തെ ലോകം എങ്ങനെയാണ്, നാളത്തെ ലോകം എങ്ങനെയായിരിക്കും, എല്ലാം കണ്ടുകൊണ്ടിരിക്കും. സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി സമീപം കണ്ടുകൊണ്ടിരിക്കും. അതിനാൽ കുട്ടികൾക്ക് മുഖ്യമായ കാര്യം മനസ്സിലാക്കി കൊടുക്കണം – നമ്മൾ സ്ക്കൂളിലിരിക്കുകയാണെന്ന് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം. നമ്മളെ പഠിപ്പിക്കുന്നതിന് ശിവബാബ ഈ രഥത്തിൽ സവാരി ചെയ്ത് വരുകയാണ്. ഇത് ഭാഗീരഥമാണ്. ബാബ വരുന്നതും തീർച്ചയായും ഒരു തവണയാണ്. ഭാഗീരഥമെന്ന പേരെന്താണ്, ഇത്പോലും ആർക്കും അറിയുകയില്ല.
ഇവിടെ നിങ്ങൾ കുട്ടികൾ ബാബയുടെ സന്മുഖത്ത് എപ്പോൾ ഇരിക്കുകയാണെങ്കിലും ബാബ വന്നുകഴിഞ്ഞുവെന്ന് ബുദ്ധിയിലോർമ്മയുണ്ടായിരിക്കണം–നമുക്ക് സൃഷ്ടി ചക്രത്തിന്റെ രഹസ്യം പറഞ്ഞു തന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, ഇപ്പോൾ നമുക്ക് തിരിച്ച് പോകണം. ഇത് ബുദ്ധിയിൽ വെയ്ക്കുക വളരെ സഹജമാണ് പക്ഷെ ഇതുപോലും ഓർമ്മിക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ ചക്രം പൂർത്തിയാവുകയാണ്, ഇപ്പോൾ നമുക്ക് പോകണം പിന്നീട് പുതിയ ലോകത്തിൽ വന്ന് പാർട്ടഭിന

യിക്കണം, പിന്നീട് നമുക്ക് ശേഷം ഇന്നയിന്നവർ വരും. ഈ ചക്രം മുഴുവൻ എങ്ങനെയാണ് കറങ്ങുന്നതെന്ന് നിങ്ങൾക്കറിയാം. ലോകം വൃദ്ധി പ്രാപിക്കുന്നതെങ്ങനെയാണ്. പുതിയതിൽ നിന്നും പഴയതും പഴയതിൽ നിന്നും പുതിയതുമാകുന്നു. വിനാശത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പുകളും കണ്ടുകൊണ്ടിരിക്കുകയാണ്. പ്രകൃതി ക്ഷോഭങ്ങളും ഉണ്ടാകും. ഇത്രയും ബോംബുകളെല്ലാം ഉണ്ടാക്കി വെച്ചിരിക്കുന്നു അപ്പോൾ അതെല്ലാം ഉപയോഗത്തിൽ കൊണ്ടുവരുമല്ലോ. ബാംബുകൾ കൊണ്ട് തന്നെ ഇത്രയും ഉപയോഗമുണ്ടാകും പിന്നീട് മനുഷ്യരുടെ യുദ്ധത്തിന്റെ ആവശ്യമുണ്ടാവില്ല. സൈന്യത്തെ പിന്നീട് ഉപേക്ഷിച്ച് പോകും. ബോംബുകൾ ഇട്ടു കൊണ്ടേപോകും. പിന്നീട് ഇത്രയും മനുഷ്യർക്ക് ജോലിയില്ലാതാകുമ്പോൾ വിശന്ന് മരിക്കില്ലേ. ഇതെല്ലാം സംഭവിക്കേണ്ടത് തന്നെയാണ്. പിന്നീട് സൈന്യങ്ങളെല്ലാം എന്ത് ചെയ്യും. ഭൂമികുലുക്കം ഉണ്ടായികൊണ്ടിരിക്കും, ബോംബുകൾ വീണുകൊണ്ടിരിക്കും. പരസ്പരം കൊന്നുകൊണ്ടിരിക്കും. രക്തരൂക്ഷിതമായ കളി ഉണ്ടാവണമല്ലോ. അതിനാൽ എപ്പോൾ ഇവിടെ വന്ന് ഇരിക്കുന്നുണ്ടോ അപ്പോഴെല്ലാം ഈ കാര്യങ്ങൾ ഓർമ്മിക്കണം. ശാന്തിധാമം, സുഖധാമത്തെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. നമുക്കെന്താണ് ഓർമ്മ വരുന്നതെന്ന് ഹൃദയത്തോട് ചോദിക്കൂ. അഥവാ ബാബയുടെ ഓർമ്മയില്ലായെങ്കിൽ ബുദ്ധി എവിടെയോ അലയുകയാണ്. വികർമ്മവും വിനാശമാവുകയില്ല, പദവിയും കുറഞ്ഞ് പോകും. ശരി, ബാബയുടെ ഓർമ്മ നിൽക്കുന്നില്ലായെങ്കിൽ ചക്രത്തെ സ്മരിക്കൂ അപ്പോൾ സന്തോഷം വർദ്ധിക്കും. പക്ഷെ ശ്രീമതത്തിലൂടെ നടക്കുന്നില്ല, സേവനവും ചെയ്യുന്നില്ലാ എങ്കിൽ ബാപ്ദാദയുടെ ഹൃദയത്തിൽ കയറാൻ സാധിക്കില്ല. സർവ്വീസ് ചെയ്യുന്നില്ലായെങ്കിൽ അനേകർക്ക് ബുദ്ധിമുട്ട് കൊടുത്തുകൊണ്ടിരിക്കുന്നു. ചിലരാണെങ്കിൽ അനേകരെ തനിക്കു സമാനമാക്കി മാറ്റി ബാബയുടെയടുത്തേയ്ക്ക് കൂട്ടി കൊണ്ടു വരുന്നു. അപ്പോൾ ബാബ കണ്ട് സന്തോഷിക്കുന്നു. ശരി!
വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികകൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സദാ ഹർഷിതരായിരിക്കുന്നതിന് വേണ്ടി ബുദ്ധിയിൽ പഠിപ്പിനെയും പഠിപ്പിക്കുന്ന ബാബയെയും ഓർമ്മയുണ്ടായിരിക്കണം. കഴിച്ചും കുടിച്ചും എല്ലാ ജോലിയും ചെയ്തും പഠിപ്പിൽ പൂർണ്ണ ശ്രദ്ധ നൽകണം.

2) ബാപ്ദാദയുടെ ഹൃദയത്തിൽ കയറുന്നതിന് വേണ്ടി ശ്രീമതത്തിലൂടെ അനേകരെ തനിക്കു സമാനമാക്കുന്നതിനുള്ള സേവനം ചെയ്യണം. ആരെയും ബുദ്ധിമുട്ടിക്കരുത്.

## വരദാനം:- അശരീരി സ്ഥിതിയുടെ ഇഞ്ചക്ഷനിലൂടെ മനസ്സിനെ നിയന്ത്രിക്കുന്ന ഏകാഗ്രചിത്തരായി ഭവിക്കൂ

ഏതുപോലെയാണോ ഇന്നത്തെ കാലത്ത് അഥവാ ആരെങ്കിലും നിയന്ത്രണത്തിൽ വരുന്നില്ല, വളരെ ശല്യമുണ്ടാക്കുന്നു, ചഞ്ചലിതമാകുന്നു അഥവാ ഭ്രമിതരാകുന്നു എങ്കിൽ അവർക്ക് ഇങ്ങനെയുള്ള ഇഞ്ചക്ഷൻ ന.കുന്നു അതിലൂടെ അവർ ശാന്തമാകുന്നു. ഇതുപോലെ അഥവാ സങ്കൽപ ശക്തി താങ്കളുടെ നിയന്ത്രണത്തിൽ വരുന്നില്ലെങ്കിൽ അശരീരി സ്ഥതിയുടെ ഇഞ്ചക്ഷൻ നൽകൂ. പിന്നീട് സങ്കൽപ ശക്തി വ്യർത്ഥമായി ഉയർന്ന് വരില്ല. സഹജമായും ഏകാഗ്രചിത്തമാകും. എന്നാൽ ബുദ്ധിയുടെ കടിഞ്ഞാൺ ബാബയ്ക്ക് നൽകിയതിന് ശേഷം അഥവാ തിരിച്ചെടുക്കുകയാണെങ്കിൽ മനസ്സ് വ്യർത്ഥത്തിന്റെ പരിശ്രമത്തിൽ വീഴ്ത്തുന്നു. ഇപ്പോൾ വ്യർത്ഥത്തിന്റെ പരിശ്രമത്തിൽ നിന്ന് മുക്തമാകൂ.

## സ്ലോഗൻ:- തന്റെ പൂർവ്വജ സ്വരൂപത്തെ സ്മൃതിയിൽ വച്ച് സർവ്വ ആത്മാക്കളിലും ദയ കാണിക്കൂ.

**അവ്യക്ത സൂചന - കമ്പൈൻഡ് രൂപ സ്മൃതിയിലൂടെ സദാ വിജയിയാകൂ**
ഏതുപോലെയാണോ ശരീരവും ആത്മാവും രണ്ടും കമ്പൈഡായി കർമ്മം ചെയ്തുകൊണ്ടിരിക്കുന്നത്., അതുപോലെ കർമ്മവും യോഗവും രണ്ടും കമ്പൈൻഡായിരിക്കണം. കർമ്മം ചെയ്തുകൊണ്ട് ഓർമ്മ മറക്കരുത് അതുപോലെ ഓർമ്മയിൽ ഇരുന്ന് കർമ്മം മറക്കരുത് എന്തുകൊണ്ടെന്നാൽ താങ്കളുടെ ടൈറ്റിൽ തന്നെ കർമ്മയോഗി എന്നാണ്. കർമ്മം ചെയ്തുകൊണ്ടും ഓർമ്മയിൽ കഴിയുന്നവർ സദാ വേറിട്ടവരും പ്രിയപ്പെട്ടവരുമായിരിക്കും, ഭാരരഹിതരായിരിക്കും. ജ്ഞാന സമ്പന്നതയോടൊപ്പം ഒപ്പം ശക്തി സമ്പന്ന സ്ഥിതിയിലും കഴിയൂ. ജ്ഞാന സമ്പന്നതയും ശക്തി സമ്പന്നതയും ഈ രണ്ട് സ്ഥിതിയും സംയുക്തമായിരിക്കണം അപോൾ സ്ഥാപനയുടെ കാര്യം തീവ്രഗതിയോടെ നടക്കും.